## പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം
# സംബന്ധിച്ച സമിതി
# (2019-2021)

## ഏഴാമത് റിപ്പോർട്ട്

(2019, ജൂലൈ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014) യുടെ മൂന്നാമത് റിപ്പോർട്ട് (ഗൾഫിലെ തൊഴിൽ നിയമം മൂലം തിരിച്ച് വരേണ്ടി വരുന്ന പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## ഏഴാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-2014) യുടെ മൂന്നാമത് റിപ്പോർട്ട് (ഗൾഫിലെ തൊഴിൽ നിയമം മൂലം തിരിച്ചു വരേണ്ടി വരുന്ന പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതിയുടെ റിപ്പോർട്ട്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ]

796/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം I | .. | 1 |
| അദ്ധ്യായം II | .. | 1 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.

<u>അംഗങ്ങൾ :</u>

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.

ശ്രീ. ആന്റണി ജോൺ, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

ശ്രീ. പി. ജെ. ജോസഫ്, എം. എൽ. എ.

ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.

ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഡി.ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഗൾഫിലെ തൊഴിൽ നിയമം മൂലം തിരിച്ച വരേണ്ടി വരുന്ന പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതി (2011-2014)യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2019 ജൂൺ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 ജൂലൈ 1.

# റിപ്പോർട്ട്

## അദ്ധ്യായം 1

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014), സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം നാട്ടിലേയ്ക്ക് മടങ്ങുവാൻ നിർബന്ധിതരാകുന്ന പ്രവാസി മലയാളികൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളെയും അവ തരണം ചെയ്യുന്നതിനുതകുന്ന പരിഹാരമാർഗ്ഗങ്ങളെയും കുറിച്ച് വിശദമായി പഠിക്കുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് സമിതി (2011-2014) യുടെ മൂന്നാമത് റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ട് 2013 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിലെ 15 ശിപാർശകളിന്മേൽ, പ്രവാസി കേരളീയകാര്യം (നോർക്ക), തൊഴിലും പുനരധിവാസവും, സഹകരണം, തദ്ദേശസ്വയംഭരണം, വ്യവസായം, ധനകാര്യം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 28-5-2014, 17-6-2015, 9-2-2017, 12-11-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിലെ അദ്ധ്യായം II-ൽ സമിതി ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ, അവയ്ക്ക് ലഭിച്ച മറുപടികൾ എന്നിവ ഉൾക്കൊള്ളുന്നു.

## അദ്ധ്യായം II

### സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

#### ശിപാർശ ഖണ്ഡിക 11

സൗദി സർക്കാർ ദീർഘിപ്പിച്ച് നൽകിയ സമയപരിധി അവസാനിക്കുന്ന നവംബർ നാലിന് മുൻപ് അവിടെയുള്ള നിയമവിധേയമായ വിസയില്ലാതെ ജോലി ചെയ്യുന്ന മുഴുവൻ പ്രവാസി മലയാളികളെയും അവർ ജയിലുകളിൽ അടയ്ക്കപ്പെടുവാൻ ഇടനൽകാതെ സുരക്ഷിതരായി സ്വന്തം നാട്ടിൽ തിരികെ എത്തിക്കുവാൻ വേണ്ട സത്വരനടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സർക്കാർ സ്വീകരിച്ച നടപടി

സൗദി സർക്കാർ ഇളവ് നൽകിയ സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ച മലയാളികൾക്ക് നാട്ടിൽ വരാനുള്ള സൗകര്യം സൗദിയിലെ ഇന്ത്യൻ എംബസി ലഭ്യമാക്കിയിട്ടുണ്ട്. ഈ കാലയളവിൽ അപേക്ഷ നൽകിയിട്ട് നാട്ടിലെത്താൻ കഴിയാത്ത

മലയാളികൾക്ക് വേണ്ടി സൗദിയിലെ ജിദ്ദ, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ 5 അംഗ സമിതി രൂപീകരിച്ച് സൗജന്യ വിമാന ടിക്കറ്റ് നൽകാൻ തീരുമാനിക്കുകയും ഇപ്രകാരം 266 പേർക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 12</u>

രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പ്രവാസികൾക്കും കാലതാമസം കൂടാതെ മടങ്ങിയെത്തുന്നതിന് ആവശ്യമായ വിമാന സർവ്വീസുകൾ ഏർപ്പെടുത്തണമെന്നും കഴിയുമെങ്കിൽ സൗജന്യമായി അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ അവർക്ക് ടിക്കറ്റുകൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സൗദി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകാലാവധിക്കുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസികളിൽ ഇനിയും തിരിച്ചെത്താൻ കഴിയാത്തവർക്കായി ജിദ്ദ, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ 5 അംഗ സമിതി രൂപീകരിക്കുകയും അവരിലൂടെ അപേക്ഷ സ്വീകരിച്ച് സൗജന്യ വിമാന ടിക്കറ്റ് നൽകാൻ തീരുമാനിക്കുകയും ഇപ്രകാരം 266 പേർക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 13</u>

നിയമവിധേയമല്ലാത്ത വിസയിലെത്തി ജോലി ചെയ്യുന്ന രണ്ട് ലക്ഷത്തോളം മലയാളികൾ സൗദി അറേബ്യയിലുണ്ട്. അവർക്ക് ജോലി നൽകിയതുകൊണ്ട് നിയമനടപടി നേരിടേണ്ടതായി വരുന്ന ചെറുകിട സ്ഥാപന ഉടമകളായ മലയാളികളുമുണ്ട്. ഈ പ്രശ്നം സൗദിയിൽ വച്ചുതന്നെ പരിഹരിക്കാനുള്ള അവസരം ഉപയോഗപ്പെടുത്തണമെന്നും സൗദി അധികൃതരുമായും മലയാളി സംരംഭകരുമായും കൂടിച്ചേർന്ന് ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ സത്വരമായി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇക്കാര്യം ബഹു. മന്ത്രിയും ഉദ്യോഗസ്ഥരും സൗദി അറേബ്യ സന്ദർശിച്ച വേളയിൽ എംബസി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തിട്ടുണ്ട്. വിസയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇന്ത്യൻ എംബസി മുഖാന്തരം സൗദി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സൗദി സർക്കാർ നിതാഖത്ത് ഇളവുകാലയളവിൽ (1-4-2013 - 3-11-2013) സ്പോൺസർ മാറുന്നതിനും നിയമപ്രകാരം ജോലി മാറുന്നതിനും ഉൾപ്പെടെ പരമാവധി ഇളവുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ ഇളവ് സൗദിയിലെ പരമാവധി ഇന്ത്യാക്കാർ പ്രയോജനപ്പെടുത്തിയതായി ഇന്ത്യൻ എംബസി അറിയിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 14</u>

സൗദി അറേബ്യയിൽ മലയാളികളാലും ഭാരതീയരാലും നടത്തപ്പെടുന്നതും പച്ച, നീല വിഭാഗത്തിൽപ്പെടുന്നതുമായ നിരവധി സംരംഭങ്ങളുണ്ട്. സൗദി തൊഴിൽ മന്ത്രാലയം തയ്യാറാക്കിയ റിപ്പോർട്ടിൽ നിന്ന് ഇവയെ കണ്ടെത്തി പ്രസ്തുത സ്ഥാപനങ്ങളേയും പ്രതിസന്ധി നേരിടുന്ന തൊഴിലാളികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സംവിധാനം എംബസി മുഖാന്തരമോ, കോൺസുലേറ്റുകൾ മുഖാന്തരമോ ഏർപ്പെടുത്തിയാൽ ഇന്ത്യൻ/മലയാളി സംരംഭകരുടെ സഹകരണം പരമാവധി ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ കണ്ടെത്തുവാനും അതുവഴി മടങ്ങിവരാൻ നിർബന്ധിതരാകുന്ന ആയിരക്കണക്കിന് പ്രവാസികൾക്ക് നിയമവിധേയമായ ജോലി നൽകുവാനും സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അത്തരമൊരു സംവിധാനം അടിയന്തരമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈക്കൊണ്ടിട്ടുണ്ട്. നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്ക് നോർക്കയുടെ ജോബ് പോർട്ടലിൽ പ്രത്യേകം രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനും അപ്രകാരം രജിസ്റ്റർ ചെയ്യുന്നവരുടെ ഒരു പ്രത്യേക ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

നിതാഖത്ത് ഇളവ് കാലത്ത് നിയമവിധേയമായി തൊഴിൽ/സ്പോൺസർ മാറുന്നതിന് സൗകര്യമൊരുക്കാൻ കഴിഞ്ഞിരുന്നു. അറുന്നൂറോളം രജിസ്റ്റേർഡ് വോളന്റിയേഴ്സ് മുഖേന പ്രതിസന്ധി നേരിടുന്ന തൊഴിലാളികളേയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് പരമാവധി ഇന്ത്യാക്കാർക്ക് മടങ്ങേണ്ട സാഹചര്യമുണ്ടാകാതെ നിയമവിധേയമായി സൗദിയിൽ തുടരുന്നതിനും, അതിന് കഴിയാത്തവർക്ക് ശിക്ഷാനടപടികളൊഴിവാക്കി നാട്ടിലേക്ക് മടങ്ങുന്നതിന് അവസരമൊരുക്കാനും സൗദിയിലെ ഇന്ത്യൻ എംബസിക്ക് കഴിഞ്ഞിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 15</u>

സ്ഥാനപതി കാര്യാലയത്തിൽ മലയാളം കൈകാര്യം ചെയ്യാൻ കഴിയുന്നവരും സൗദി തൊഴിൽ നിയമങ്ങൾ അറിയാവുന്നവരുമായ ഉദ്യോഗസ്ഥരെ അടിയന്തരമായി

നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. എന്തെങ്കിലും ക്രമക്കേടുകളോ വീഴ്ചകളോ സംഭവിച്ചിട്ടുള്ള പ്രവാസികൾക്ക് അത് പരിഹരിക്കാനുള്ള വഴികൾ സൗഹാർദ്ദപൂർവ്വം പറഞ്ഞുകൊടുക്കാൻ എംബസി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ ഉൾപ്പെടെ കൂടുതൽ മലയാളികൾ ഇപ്പോൾ സൗദി എംബസിയിൽ ഉണ്ട്.

നിതാഖത്ത് ഇളവുകാലയളവിൽ സൗദിയിലെ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥർ സൗഹാർദ്ദപൂർവ്വമാണ് ഇടപെട്ടിട്ടുള്ളതെന്നും രജിസ്റ്റേർഡ് വോളന്റിയേഴ്സിന്റെ സേവനം എംബസി പരമാവധി പ്രയോജനപ്പെടുത്തിയതായും വിലയിരുത്തിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 16</u>

തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിയമലംഘനം നടത്തിയവർക്കും പൊതുമാപ്പ് പ്രഖ്യാപനത്തോടെ രാജ്യം വിടുന്നതിനും അവർക്ക് ഭാവിയിൽ സൗദി അറേബ്യയിലേക്ക് പ്രവേശനവിലക്ക് ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നവംബർ നാല് വരെ ഇത്തരത്തിൽ ശിക്ഷാ നടപടികൾ ഉണ്ടാകില്ലെന്ന് സൗദി അധികൃതർ ഉറപ്പ് നൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 17</u>

നിതാഖത്തിന്റെ ഭാഗമായുള്ള സ്പോൺസർഷിപ്പ് മാറ്റങ്ങൾക്ക് ഫീസ് ഇളവ് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും, ഫീസിളവ് ലഭിക്കുന്നില്ലെങ്കിൽ ഇതേ ആവശ്യത്തിനായി പലിശരഹിതമോ നാമമാത്രമായ പലിശസഹിതമോ ആയ വായ്പകൾ അത്തരക്കാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിതാഖത്ത് ഇളവുകാലയളവിൽ സ്പോൺസർ/ജോലി മാറ്റത്തിന് ഫീസ് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരക്കാർക്ക് ഇന്ത്യൻ എംബസി രജിസ്റ്റേർഡ് വോളന്റിയേഴ്സ് മുഖേനയും നേരിട്ടും പരമാവധി സഹായം നൽകിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ ഖണ്ഡിക 17 (a)

വ്യക്തിഗത സ്പോൺസർഷിപ്പുള്ളവർക്കും സ്പോൺസർഷിപ്പും ജോലിയും മാറാൻ ഇളവ് അനുവദിക്കുമെന്ന് സൗദി ഭരണകൂടം വ്യക്തമാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തുവാനും അത്തരത്തിലുള്ള പരമാവധി പ്രവാസികളെ നിയമാനുസൃത തൊഴിലാളികളാക്കി മാറ്റുവാനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും പ്രവാസികളെ സ്പോൺസർഷിപ്പ് മാറ്റത്തിന് സഹായിക്കുവാനായി സൗദിയിലെ ഇന്ത്യൻ എംബസിയിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കണമെന്നും മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്നും തൊഴിൽ നിയമം മൂലം മടങ്ങുന്നവർക്കും ഹെൽപ്പ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സൗദിയിലെ നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്നവർക്ക് നിയമാനുസൃത വിസയിലേക്ക് മാറ്റാനും ഇന്ത്യയിലേക്ക് മടങ്ങുന്നവർക്ക് ഇന്ത്യൻ എംബസി ഹെൽപ്പ് ഡെസ്ക് സൗകര്യവും വോളണ്ടിയർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇളവ് കാലയളവ് പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി അനുയോജ്യമായ പരസ്യം സൗദിയിലെ വിഷ്വൽ/പ്രിന്റ്/ശ്രാവ്യ മാധ്യമങ്ങളിലൂടെ സംസ്ഥാന സർക്കാർ നൽകിയിരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ ഖണ്ഡിക 18

നിതാഖത്തിന്റെ ഭാഗമായി ഹുറൂബ് വിഭാഗത്തിൽപ്പെട്ട പ്രവാസികൾക്കും പൊതുമാപ്പ് ലഭ്യമാക്കി കുറ്റവിമുക്തരാക്കുന്നതിനും അവർക്കും നിയമവിധേയമായ സ്പോൺസർഷിപ്പ് മാറ്റത്തിന് അവസരം ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഇളവ് കാലയളവിൽ എല്ലാ വിഭാഗക്കാർക്കും നിയമവിധേയമായി സ്പോൺസർ/ജോലി മാറുന്നതിന് അവസരം ലഭിച്ചിരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ ഖണ്ഡിക 19

സൗദിയിലെ ചെറുകിട സ്ഥാപനങ്ങൾക്ക് വ്യവസ്ഥാപിത മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും ഇപ്പോഴുള്ള സംവിധാനത്തിന് തന്നെ നിയമസാധുത നൽകാവുന്നതാണോ എന്ന് പരിശോധിക്കുന്നതിനും വേണ്ട സജീവമായ ശ്രമം ഈ അവസരത്തിൽ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിതാഖത്ത് നിയമം നടപ്പാക്കുന്നത് സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ശക്തമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിരുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതലസംഘം ഡൽഹിയിൽ പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി, പ്രതിരോധമന്ത്രി, പ്രവാസികാര്യമന്ത്രി, വിദേശകാര്യസഹമന്ത്രി എന്നിവരെ കണ്ട് ഈ വിഷയം ചർച്ച ചെയ്യുകയും കേന്ദ്രസർക്കാരിന്റെ ഇടപെടലിനെ തുടർന്ന് നിതാഖത്ത് നിയമനം കർശനമായി നടപ്പിലാക്കുന്നതിന് സൗദി സർക്കാർ 7 മാസത്തെ ഇളവ് അനുവദിക്കുകയും ആ കാലയളവിനുള്ളിൽ എംബസിയുടെ സഹായത്തോടെ തൊഴിൽ രേഖകൾ ക്രമവൽക്കരിക്കുന്നതിനും, സൗദിയിലെ താമസരേഖകൾ ക്രമീകരിക്കുന്നതിനും അതിന് കഴിയാത്തവർക്ക് ശിക്ഷിക്കപ്പെടാതെ തിരികെ നാട്ടിൽ വരുന്നതിന് കളമൊരുക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 20</u>

കുവൈറ്റിലെ നിയമവിധേയരായ പ്രവാസികളുടെ തൊഴിൽ സംരക്ഷണത്തിനും മറ്റുള്ളവരുടെ സുരക്ഷിതമായ തിരിച്ചുവരവിനും വേണ്ട സത്വരനടപടികൾ കൈക്കൊള്ളുവാൻ കുവൈറ്റിലെ ഇന്ത്യൻ എംബസിക്കുവേണ്ട നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ വിഷയം വളരെ ശക്തമായി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റേയും എംബസിയുടേയും ഇടപെടലുകളെത്തുടർന്ന് 2013 ആഗസ്റ്റ് 31 വരെ സുരക്ഷാ പരിശോധന കുവൈറ്റ് സർക്കാർ നിർത്തിവയ്ക്കുകയും നിയമവിധേയമല്ലാതെ ജോലി ചെയ്യുന്നവർക്ക് സുരക്ഷിതമായി മടങ്ങാൻ അവസരം നൽകിയിട്ടുണ്ടെന്നും കേന്ദ്ര സർക്കാരും ഇന്ത്യൻ എംബസിയും അറിയിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 21</u>

മടങ്ങിവന്ന പ്രവാസികൾക്കുതന്നെ, ഗൾഫ് നാടുകളിൽ ഭാവിയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനം ലഭിക്കാനുതകുന്ന നടപടികൾ കൈക്കൊള്ളണമെന്നും, നിതാഖത്ത് നിയമം കർശനമാക്കുന്നതിനനുവദിച്ച സാവകാശം ആറ് മാസമായി

ദീർഘിപ്പിച്ച് കിട്ടുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും, ഗൾഫിലെ തൊഴിൽ സാധ്യതകൾ പഠിക്കാനും തൊഴിലന്വേഷകർക്ക് തൊഴിൽ പരിചയം നൽകാനും സഹായകരമാകും വിധം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിതാഖത്ത് നിയമം കാരണം മടങ്ങിയെത്തിയ പ്രവാസികൾക്ക് വീണ്ടും ജോലിക്ക് സൗദിയിൽ പോകുന്നതിന് തടസ്സമൊന്നുമില്ലെന്ന് സൗദി സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിതാഖത്ത് പ്രശ്നം ഉണ്ടായപ്പോൾ തന്നെ പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, പ്രതിരോധമന്ത്രി, പ്രവാസികാര്യമന്ത്രി, വിദേശകാര്യ സഹമന്ത്രി എന്നിവരെ കണ്ട് ഈ വിഷയം ചർച്ച ചെയ്യുകയും കേന്ദ്രസർക്കാരിന്റെ ഇടപെടലിനെ തുടർന്ന് നിതാഖത്ത് നിയമം കർശനമായി നടപ്പിലാക്കുന്നതിന് സൗദി സർക്കാർ 7 മാസത്തെ ഇളവ് അനുവദിക്കുകയും ആ കാലയളവിനുള്ളിൽ എംബസിയുടെ സഹായത്തോടെ തൊഴിൽ രേഖകൾ ക്രമവൽക്കരിക്കുന്നതിനും, സൗദിയിലെ താമസരേഖകൾ ക്രമീകരിക്കുന്നതിനും അതിന് കഴിയാത്തവർക്ക് ശിക്ഷിക്കപ്പെടാതെ തിരികെ നാട്ടിൽ വരുന്നതിന് കളമൊരുക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. സൗദി അറേബ്യയിൽ സർക്കാർ നിതാഖത്ത് നിയമം ശക്തമാക്കിയതിനെത്തുടർന്ന് മടങ്ങിയെത്തുന്ന പ്രവാസികൾക്കായി കേരള സർക്കാർ ഒരു സമഗ്ര പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് അഞ്ച് ഘടകങ്ങളാണുള്ളത്.

1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയയ്ക്കുക

2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം

3. സ്വയം സംരംഭക സഹായ പദ്ധതി

4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുക

5. സ്വയം തൊഴിൽ/നിക്ഷേപ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ/മൂലധന സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുനരധിവാസ പാക്കേജിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി കേരളീയരെ, പ്രമുഖരായ പ്രവാസി വ്യവസായികളുടെ സഹായത്തോടെ ഗൾഫ് രാജ്യങ്ങളിൽ തന്നെ തൊഴിൽ വിസയിൽ തിരികെ അയയ്ക്കുകയെന്നതിനാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്. തിരികെ പോകാൻ

ആഗ്രഹിക്കുന്ന തിരികെയെത്തിയ പ്രവാസി കേരളീയർക്ക് നോർക്ക വകുപ്പിന്റെ ജോബ് പോർട്ടലിൽ പ്രത്യേകമായി രജിസ്റ്റർ ചെയ്യുന്നതിനും അത്തരം വ്യക്തികൾ മാത്രം ഉൾപ്പെടുന്ന ഒരു ഡാറ്റാബേസ്/വ്യക്തി വിവരസഞ്ചയം തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടിയുടെയും തൊഴിൽ വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലൂടെയും ഇപ്രകാരം തിരികെയെത്തുന്നവർക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലന പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക 22

ജില്ലാ ആസ്ഥാനങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും മടങ്ങിവന്ന പ്രവാസികളുടെ തൊഴിൽ വൈദഗ്ദ്ധ്യവും സമ്പാദ്യവും ഫലപ്രദമായി ഉപയോഗിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശം നൽകണമെന്നും അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം അംഗീകരിക്കുന്ന യോഗ്യത സർട്ടിഫിക്കറ്റ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടിയുടെയും തൊഴിൽ വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലൂടെയും ഇപ്രകാരം തിരികെ വരുന്നവർക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനപദ്ധതികളും പുനരധിവാസ പാക്കേജിന്റെ ഭാഗമായി ആസൂത്രണം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമേ പ്രവാസികളുടെ സമ്പാദ്യവും, വൈദഗ്ദ്ധ്യവും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ നോർക്ക റൂട്ട്സിന് കീഴിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 28-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

വിവിധ തൊഴിലുകളിൽ മികവാർന്ന വൈദഗ്ദ്ധ്യവും കഴിവും നേടി ഗൾഫ് നാടുകളിൽ നിന്നും മടങ്ങി വരുന്നവരെ ഒരുമിച്ച് ചേർക്കുവാനായി ജില്ല ആസ്ഥാനങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന ചുമതലകൾ പ്രവാസി കേരളീയകാര്യ

വകുപ്പ് ചെയ്യുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ഇത്തരക്കാരുടെ തൊഴിൽ വൈദഗ്ധ്യം അംഗീകരിക്കുന്നതിന് യോഗ്യതാ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. കൂടാതെ ഇവർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായി സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം അനുസരിച്ച് നടത്തുന്ന എം.ഇ.എസ്. കോഴ്സുകളിൽ പരിശീലനം നേടാവുന്നതാണ്. ഇതിലൂടെ ലഭിക്കുന്ന എൻ.സി.വി.ടി. സർട്ടിഫിക്കറ്റ് വ്യവസായശാലകളിലും മറ്റും ജോലി നേടുന്നതിന് സൗകര്യപ്രദമാകുന്നു.

[തൊഴിലും നൈപുണ്യവും (സി) വകുപ്പിന്റെ കത്ത് നമ്പർ 20925/സി4/13/തൊഴിൽ 18-4-2015 പ്രകാരം ലഭ്യമാക്കിയ മറുപടി 17-6-2015-ലെ യോഗം അംഗീകരിച്ചു.]

എംപ്ലോയ്മെന്റ് വകുപ്പിലെ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രായോഗികപരിചയം മാത്രം മുൻനിർത്തിയോ ഒരു യോഗ്യതയെ അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനോ സാധിക്കുകയില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സർക്കാർ സബ്സിഡിയോടുകൂടി നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ്/ക്ലബ്ബ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട വാണിജ്യ-വ്യവസായ സംരംഭങ്ങൾ നടപ്പാക്കുന്നതിന് വകുപ്പിൽ നിന്നും സഹായം നൽകി വരുന്നുണ്ട്. മടങ്ങി വരുന്ന പ്രവാസി മലയാളികൾക്ക് താൽപ്പര്യമുള്ളപക്ഷം പ്രസ്തുത പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും സഹായം ലഭിക്കുന്നതാണ്.

[തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ കത്ത് നമ്പർ 21631/ജി2/13/തൊഴിൽ, തീയതി 1-1-2016 ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 9-2-2017 സമിതി യോഗം പരിഗണിച്ചു.]

"മടങ്ങി വരുന്ന പ്രവാസി മലയാളികൾക്ക് താല്പര്യമുള്ളപക്ഷം പ്രസ്തുത പദ്ധതികൾ പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും സഹായം ലഭിക്കുന്നതാണ്" എന്ന പരാമർശത്തിന്മേൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്വീകരിക്കുന്ന നിലപാട് സംബന്ധിച്ച് വകുപ്പിനോട് അധികവിവരം ആരായുവാൻ സമിതി നിർദ്ദേശിച്ചു. ആയതിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നാല് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 'നവജീവൻ' എന്ന പേരിൽ മുതിർന്ന പൗരന്മാർക്കായുള്ള ഒരു പുതിയ സ്വയംതൊഴിൽ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. ഈ പദ്ധതികളുടെ യോഗ്യതകൾ ഉള്ളപക്ഷം മടങ്ങിവന്ന പ്രവാസികൾക്കും ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. കേരള സ്റ്റേറ്റ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് - 1999 (KESRU 99)

കേരള സ്റ്റേറ്റ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് - 1999 (KESRU 99) പദ്ധതി 30-3-1999-ലെ 40/99/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നു. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും വാർഷിക കുടുംബവരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ലാത്തതും 21-നും 50-നും ഇടയ്ക്ക് പ്രായമുള്ള ഏതൊരു വ്യക്തിയ്ക്കും ഈ പദ്ധതിയിൻ കീഴിൽ അപേക്ഷ നൽകാവുന്നതാണ്. 25 വയസ്സ് കഴിഞ്ഞവർക്കും സാങ്കേതിക പരിജ്ഞാനമുള്ളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്.

ഈ പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന തുകയുടെ 20% തുക, പരമാവധി 20,000 രൂപ വരെ സബ്സിഡി നൽകുന്നു. പരമാവധി വായ്പ തുക 1,00,000 (ഒരു ലക്ഷം) രൂപയാണ്.

ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്

29-10-2017-ലെ ജി.ഒ.(പി) 143/07/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയം തൊഴിൽ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് വകുപ്പ് നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ രഹിതർ നടത്തുന്ന ജോബ് ക്ലബ്ബുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവൃത്തി കാര്യക്ഷമതാപരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബവരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല. (കുടുംബവരുമാനം എന്നുദ്ദേശിക്കുന്നത് ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുള്ള അംഗങ്ങളുടെ ആകെ വരുമാനമാണ്) 21-നും 45-നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. മറ്റ് പിന്നാക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.

ഒരു ജോബ് ക്ലബ്ബിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോംനേഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബ്ബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. കൂടാതെ സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന പ്രവൃത്തി കാര്യക്ഷമത സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവർക്കും സംസ്ഥാന ഐ.റ്റി.ഐ., ഐ.റ്റി.സി., പോളിടെക്നിക് എന്നിവയിൽ ഏതിലെങ്കിലും നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ്സെറ്റ് എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും പദ്ധതിയുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്ക് ശേഷം ജില്ലാ കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നു. ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകൾ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച് അംഗീകരിച്ച അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശിപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പ തുകയുടെ 25% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വായ്പ തുകയുടെ 10% ഓരോ അംഗങ്ങളും തങ്ങളുടെ വിഹിതമായി ആദ്യം തന്നെ നിക്ഷേപിക്കേണ്ടതാണ്.

ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

3. ശരണ്യ സ്വയം തൊഴിൽ പദ്ധതി

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, നിത്യരോഗികളും ശയ്യാവലംബരുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ വിഭാഗം വനിതകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിയ്ക്ക് പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50% പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതുമാണ്. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ

ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ അൻപത് ശതമാനമെങ്കിലും തിരിച്ചടച്ചവർക്കും, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80%-ത്തിൽ കവിയാത്ത തുക തുടർ വായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും 18-നും, 55 വയസ്സിനും മദ്ധ്യേ പ്രായമുള്ള (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൻ പ്രകാരം സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും, ബിരുദധാരികളായ വനിതകൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. അപേക്ഷ പാസ്സാക്കിയവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം RSETI-കൾ വഴി നൽകിയതിന് ശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു. വായ്പ തിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ, ബന്ധപ്പെട്ട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നടത്താവുന്നതാണ്.

ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

4. <u>കൈവല്യ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും)</u>

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുവാൻ കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയ നവീന പദ്ധതിയാണിത്. ഭിന്നശേഷിക്കാരായ തൊഴിലന്വേഷകർക്ക് സാമ്പത്തികസഹായവും പരിശീലനവും നൽകി ശക്തിപ്പെടുത്തുന്നതിനായിട്ടുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്കായ് 50,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡിയായി അനുവദിക്കുന്നു. ആവശ്യമെങ്കിൽ 1,00,000 രൂപ വരെ വായ്പ അനുവദിക്കും. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിൽ പ്രായോഗികമാകുകയാണെങ്കിൽ സംയുക്ത സംരംഭത്തിന് വായ്പ ലഭിച്ചാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾക്ക് വീണ്ടും പരിഗണിക്കുന്നതാണ്. എന്നാൽ തൊഴിൽ രഹിത വേതനം ലഭിക്കുന്നതല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഭിന്നശേഷിക്കാർക്കും എല്ലാ പ്രവൃത്തി ദിവസങ്ങളിലും

ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹാജരായി സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷികവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. അപേക്ഷിക്കുന്ന പ്രായം 21-നും 55-നും മദ്ധ്യേ ആയിരിക്കണം. സംരംഭം സ്വന്തമായി നടത്തുവാൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെ (മാതാവ്/പിതാവ്/ ഭർത്താവ്/ഭാര്യ/മകൻ/മകൾ) കൂടി ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്.

5. നവജീവൻ സ്വയം തൊഴിൽ പദ്ധതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-നും 65-നും മദ്ധ്യേ പ്രായമുള്ള മുതിർന്ന പൗരന്മാർക്കായുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്നു. ഈ പദ്ധതിയുടെ കരട് ചട്ടം അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

[തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ കത്ത് നമ്പർ ജി2/37/2017/തൊഴിൽ തീയതി 12-2-2018 പ്രകാരം ലഭ്യമാക്കിയ അധികവിവരം സമിതിയുടെ 26-9-2018-ലെ സമിതിയോഗം അംഗീകരിച്ചു.]

ശിപാർശ ഖണ്ഡിക 23

മടങ്ങിവരുന്ന പ്രവാസികൾക്ക് വാണിജ്യ-വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്നും അത്തരം വാണിജ്യ-വ്യവസായ സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും തൊഴിൽ നിയമം മൂലം തിരിച്ചെത്തുന്ന പ്രവാസികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മുൻകാല പ്രാബല്യത്തോടെ പേര് രജിസ്റ്റർ ചെയ്യാൻ അനുമതി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നോർക്കയുടെ കീഴിൽ പ്രവാസി സംരംഭകർക്കായി ഏകജാലക സംവിധാനം ഒരുക്കുന്നതിനായി നോർക്ക-ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. വിദേശത്തുനിന്നും തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു പദ്ധതി നിലവിലുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായ്പകൾക്ക് പ്രോജക്ട് സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നതിന് ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. നിതാഖത്ത് നിയമം ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം കാരണം ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ ഈ പ്രവാസികൾക്ക് മുൻകാല പ്രാബല്യത്തോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാൻ അനുമതി നൽകണമെന്ന വിഷയം പരിഗണിക്കുന്നതിന് ഈ വിഷയം തൊഴിൽ വകുപ്പിന്റെ പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(പ്രവാസി കേരളീയകാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ 3/2013/നോർക്ക, 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 25-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

വിദേശത്തുനിന്നും മടങ്ങി വരുന്ന പ്രവാസികൾക്ക് വിവിധ വാണിജ്യ-വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ അനുവദിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത വായ്പകൾക്ക് സബ്സിഡി ആനുകൂല്യം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. കൂടാതെ പ്രസ്തുത പ്രവാസികൾ വിവിധ വിഭാഗങ്ങളിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തയ്യാറാണെങ്കിൽ ആയതിനുള്ള ധനസഹായം സഹകരണ വകുപ്പ് നൽകുന്നതാണ്.

(സഹകരണ വകുപ്പിന്റെ കത്ത് നമ്പർ 9822/പി.എസ്.1/2013/സഹ. 19-12-2013 പ്രകാരം ലഭ്യമാക്കിയ മറുപടി സമിതിയുടെ 23-4-2014-ലെ യോഗം അംഗീകരിച്ചു.)

നിതാഖത്ത് നിയമം നടപ്പിലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്നവർക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സൂക്ഷ്മ ചെറുകിട വ്യവസായ സേവന മേഖലകളിൽ സാധ്യമായ എല്ലാ സംരംഭങ്ങൾക്കും അർഹമായ പരിഗണനയും സഹായവും നൽകുന്നതാണ്. സർക്കാർ ഉത്തരവ് G.O.(Rt)75/2013/NORKA dated 11-3-2013 പ്രകാരം പ്രവാസികൾക്കായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ താൽപ്പര്യമുള്ള പ്രവാസികളുടെ അപേക്ഷ നോർക്ക റൂട്ട്സിൽ സ്വീകരിച്ച് വിവിധ മേഖലകളായി തരം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്. അപേക്ഷകർക്ക് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ സംരംഭകത്വ സഹായ പദ്ധതികളെ വിശദമാക്കിക്കൊടുക്കുകയും ചെയ്തുവരുന്നുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ (PMEGP) തിരിച്ചയയ്ക്കപ്പെട്ട പ്രവാസികൾക്ക് വ്യവസ്ഥാവിധേയമായി ധനസഹായം/ഗവൺമെന്റ് സബ്സിഡി ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തുന്നതിന് നോഡൽ ഏജൻസിയായ ഖാദി ഗ്രാമവികസന കമ്മീഷൻ സംസ്ഥാന ഡയറക്ടർക്ക് വ്യവസായ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, വ്യവസായ വകുപ്പിൽ നിലവിലുള്ള സംരംഭകത്വ സഹായ പദ്ധതി (ESS)യിലും പ്രധാനമന്ത്രിയുടെ തൊഴിൽ ഉറപ്പ് പദ്ധതി (PMEGP)യിലും നിതാഖത്ത് നിയമം മൂലം തിരിച്ചയക്കപ്പെട്ട പ്രവാസികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പ്രത്യേക പരിഗണന നൽകുന്നതിനും വ്യവസായ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(വ്യവസായ വകുപ്പിന്റെ കത്ത് നമ്പർ 24574/ബി2/13/വ്യവ. തീയതി, 16-9-2014 പ്രകാരം ലഭ്യമാക്കിയ മറുപടി 12-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

വിദേശത്തെ തൊഴിൽ നിയമംമൂലം മടങ്ങിവരുന്നവർക്ക് മുൻകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചേക്കാം. ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവുകളും സർക്കാർ തലത്തിൽ പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനാൽ പ്രസ്തുത നിർദ്ദേശം പ്രായോഗികമല്ല.

(തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ കത്ത് നമ്പർ 21631/ജി2/2013/തൊഴിൽ, തീയതി 1-1-2016 പ്രകാരം ലഭ്യമാക്കിയ മറുപടി 9-7-2017-ലെ സമിതിയോഗം പരിഗണിച്ചു.)

9-2-2017-ലെ സമിതിയോഗം വിദേശത്തുനിന്ന് മടങ്ങി വരുന്നവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മുൻകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ പുതുക്കി നൽകുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ എന്താണെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുകയുണ്ടായി. ആയതിന് ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

പ്രവാസി മലയാളികളുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് വിദേശത്ത് ജോലിക്ക് പോകുന്ന എല്ലാ മലയാളികളും വിദേശത്ത് പോകുന്നതിന് മുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതും ഇവരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യുന്ന നോർക്ക, ഹോം എന്നീ വകുപ്പുകൾ ഇവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പ്രവാസി മലയാളികൾ നാട്ടിൽ മടങ്ങി വരുമ്പോൾ നിശ്ചിത രേഖകൾ ഹാജരാക്കി താമസസ്ഥല പരിധിയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

രജിസ്ട്രേഷൻ നിലവിലുള്ളവർ ജോലിക്കായി വിദേശത്ത് പോകുമ്പോൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രേഖാമൂലം അറിയിക്കേണ്ടതും മടങ്ങിവന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകുന്നതുവരെ തൊഴിലിന് പരിഗണിക്കേണ്ടതില്ല എന്ന സത്യപ്രസ്താവന നൽകേണ്ടതുമാണ്. അപ്രകാരം നൽകുമ്പോൾ ടി രജിസ്ട്രേഷൻ രേഖകളിൽ 'Not available up to the date of return' എന്ന് രേഖപ്പെടുത്തി ഓഫീസിൽ സൂക്ഷിക്കുന്നതാണ്.

നിലവിലെ വ്യവസ്ഥ അനുസരിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടത് 3 വർഷത്തിലൊരിക്കലാണ്. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി മാറ്റിയിട്ടുള്ളതിനാൽ എംപ്ലോയ്മെന്റ് സേവനങ്ങൾ എല്ലാം തന്നെ ഇ-സേവനങ്ങളായി ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ പ്രവാസി മലയാളികൾക്ക് യഥാസമയം അവരവരുടെ രജിസ്ട്രേഷൻ പുതുക്കൽ ഓൺലൈൻ സംവിധാനത്തിലൂടെ എവിടെയിരുന്നും നടത്താവുന്നതാണ്. ഇപ്രകാരം എവിടെയിരുന്നും പുതുക്കൽ നടത്താൻ കഴിയുമെന്നതിനാൽ മുൻകാല പ്രാബല്യത്തോടുകൂടി രജിസ്ട്രേഷൻ പുതുക്കി നൽകേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. മേൽ സാഹചര്യത്തിൽ പുതുക്കൽ സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകാനിടയില്ല.

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ കത്ത് നമ്പർ ജി2/37/2017/തൊഴിൽ, തീയതി 12-2-2018 പ്രകാരം ലഭ്യമാക്കിയ മറുപടി സമിതിയുടെ 26-9-2018-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ ഖണ്ഡിക 24

പ്രവാസികളുടെ കേരളത്തിലെ നിക്ഷേപങ്ങൾക്കും അവർ കേരളത്തിലെത്തിക്കുന്ന സമ്പത്തിനും പരിഗണനാർഹമായ ആനുകൂല്യങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

SLBC-ൽ ചർച്ച ചെയ്ത് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്കുള്ള കുറിപ്പും നിർദ്ദേശങ്ങളും തയ്യാറാക്കുന്നതിന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കത്ത് നമ്പർ 5377/എ3/13/നോർക്ക, തീയതി 22-4-2014 പ്രകാരം ലഭ്യമാക്കിയ മറുപടി സമിതിയുടെ 28-5-2014 യോഗം അംഗീകരിച്ചു.)

പ്രവാസി കേരളീയ വകുപ്പ് ഇതുസംബന്ധിച്ച് State Level Banker's Committee-യിൽ ചർച്ച ചെയ്ത് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്കുള്ള കുറിപ്പും നിർദ്ദേശങ്ങളും തയ്യാറാക്കുന്നതിന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ പ്രവാസി കേരളീയ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ശിപാർശയിന്മേൽ ധനകാര്യ വകുപ്പിന് നേരിട്ട് നടപടികൾ സ്വീകരിക്കാനുള്ളതായി കാണുന്നില്ല എന്ന വിവരവും അറിയിക്കുന്നു.

(ധനകാര്യ വകുപ്പിന്റെ കത്ത് നമ്പർ 70949/വ്യയം ബി1/13/ധന., തീയതി 11-8-2014 പ്രകാരം ലഭ്യമാക്കിയ മറുപടി സമിതിയുടെ 12-11-2014 യോഗം അംഗീകരിച്ചു.)

തിരുവനന്തപുരം,
2019 ജൂലൈ 1.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.